## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1058

12-07-2016 ൽ മറുപടിയ്ക്ക്

## നെൽകൃഷി നടത്തിവരുന്ന പാടങ്ങളുടെ വിസ്തൃതി

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽകൃഷി നടത്തിവരുന്ന പാടങ്ങളുടെ വിസ്തൃതി എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; തരിശായി കിടക്കുന്ന പാടശേഖരങ്ങളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നെൽകൃഷി നടത്തിവരുന്ന ജില്ല തിരിച്ചുള്ള വിസ്തൃതി അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. 2014-15 വർഷം സംസ്ഥാനത്ത് സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ കണക്ക് പ്രകാരം 100676 ഹെക്ടർ സ്ഥലം കൃഷിയോഗ്യമായ തരിശാണ്. |
| (ബി) | നെൽകൃഷി നടത്തുന്ന പാടശേഖരങ്ങളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ നെൽവയലുകളുടെ ഡേറ്റാ ബാങ്കാണ് തയ്യാറാക്കി യിട്ടുള്ളത്. ആകെയുള്ള 941 പഞ്ചായത്തുകളിൽ 21 എണ്ണം നെൽവയൽ തണ്ണീർതടം ഇല്ലാത്തതും ബാക്കിയുള്ള 920 പഞ്ചായത്തുകളിൽ 328 പഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ച് കഴിയുകയും 570 പഞ്ചായത്തുകളിൽ പ്രസിദ്ധീകരണത്തിനായി സർക്കാർ പ്രസ്സിൽ നൽകിയിരിക്കുയുമാണ്. 22 പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | തരിശായി കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | നിലവിൽ തരിശ്ശായി കിടക്കുന്ന പാടശേഖരങ്ങൾ ഘട്ടം ഘട്ടമായി നെൽകൃഷി യോഗ്യമാക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സ്വയം സഹായകസംഘങ്ങൾക്കും കുടുംബശ്രീകൾക്കും നെൽകൃഷി ചെയ്യാൻ താല്പര്യമുള്ള തൊഴിൽ രഹിതർക്കും ഇത്തരം തരിശ് നിലങ്ങളിൽ നെൽകൃഷി നടത്തുന്ന തിന് സബ്സിഡിയോടെ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | തരിശുനില നെൽകൃഷി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ സ്വയം സഹകരണ സംഘങ്ങൾ, കുടുംബശ്രീ, മറ്റ് തൊഴിൽരഹിതർ എന്നിവർക്കും സബ്സിഡി നൽകുന്നകാര്യം പരിശോധി ക്കുന്നതാണ്. |
| (ഇ) | സ്കൂൾ വിദ്യാർത്ഥികൾക്ക് നെൽ കൃഷി ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | ഉണ്ട്. കരനെൽകൃഷി വികസന പദ്ധതിയിൽ ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ നൽകി സ്കൂളുകളിലും കൃഷി നടപ്പിലാക്കി വരുന്നു. |
| (എഫ്) | ലഭ്യമായ സ്ഥലങ്ങളിൽ കരനെൽകൃഷി വ്യാപിപ്പിക്കാൻ കൃഷി വകുപ്പിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ? | (എഫ്) | ലഭ്യമായ എല്ലാ സ്ഥലങ്ങളിലും, സ്കൂൾ, പൊതുസ്ഥലങ്ങൾ, പള്ളി, ദേവാലയങ്ങൾ, പോലീസ് സ്റ്റേഷൻ പരിസരങ്ങൾ, ജയിൽ പരിസരം എന്നിവിടങ്ങളിലെല്ലാം കര നെൽകൃഷി നടപ്പിലാക്കുന്നതാണ്. 5 വർഷം കൊണ്ട് 1 ലക്ഷം ഹെക്ടർ സ്ഥലത്തേക്ക് കരനെൽ കൃഷി വ്യാപിപ്പി ക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടുന്നത്. |

**സെക്ഷൻ ഓഫീസർ**